**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3299** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. കളിൽ പ്ലേസ്‌മെന്റ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥനത്തെ എല്ലാ ഐ.ടി.ഐ. കളോടുമനുബന്ധിച്ച് പ്ലേസ്‌മെന്റ് സെല്ലുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ കളിലും പ്ലേസ്മെന്റ് സെല്ലുകൾ നിലവിലുണ്ട്. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേക്കായി സ്റ്റേറ്റ്, നാഷണൽ, ഇന്റർ നാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്ലേസ്മെന്റ് നടത്തുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും പരിശീലനം പൂർത്തീകരിച്ച ഐ.ടി.ഐ (Govt & Private) ട്രെയിനികളെ പങ്കെടുപ്പിച്ച്കൊണ്ട് ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും എല്ലാ ഐ.ടി.ഐ കളുടെയും വെബ്സൈറ്റിൽ അതാത് മാസം കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പ്ലേസ്മെന്റ് അപ്ഡേറ്റ് ചെയ്യുവാനും SPECTRUM പോർട്ടൽ വഴി തുടർന്നും പ്ലേസ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നിലവിൽ പ്ലേസ്മെന്റ് സെല്ലുകളെ കരിയർ ഗൈഡൻസ് എംപ്ലോയ്മെന്റ് സെന്ററുകളാക്കി മാറ്റി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ